## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 460 — 17.05.2017- ൽ മറുപടിയ്ക്ക്

## ആശ്വാസകിരണം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.എം.നൗഷാദ് | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | മാനസിക-ശാരീരിക ഭിന്നശേഷിക്കാരുടെ ദുരിതം ലഘൂകരിക്കുന്നതിനും അവർക്ക് സാധാരണജീവിതം സാധ്യമാകുന്നതിനും നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്തൊക്കെയാണ്; | (എ) | ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസത്തിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വേണ്ടി കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള അംഗവൈകല്യമുള്ളവർക്ക് വീൽ ചെയർ, മൂന്നുവീൽ സൈക്കിൾ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, കാലിപ്പർ, ശ്രവണസഹായി, കൊളോസ്റ്റമി ബാഗുകൾ, കണ്ണടകൾ, കുട്ടികൾക്കുള്ള സി.പി. ചെയറുകൾ എന്നിവ സൗജന്യമായി നൽകുന്നു.<br>അംഗവൈകല്യമുള്ള പഠിക്കുന്ന കുട്ടികൾക്കും മുതിർന്നവർക്കും വേണ്ട |

| | | | |
|---|---|---|---|
| | | | ഹൈടെക്ക് ലിംപ്, ഇലക്ട്രോണിക് വീൽ ചെയർ, ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് എന്നിവ നിബന്ധനകൾക്കു വിധേയമായി സൗജന്യമായി നൽകുന്നു.<br>താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി സൈഡ് വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്കൂട്ടർ നൽകുന്നു.<br>1. 18 വയസ്സിനു മുകളിൽ പ്രായം.<br>2. 40%-ഉം അതിനു മുകളിലുമുള്ള ലോക്കമോട്ടോർ ഡിസെബിലിറ്റി.<br>3. ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷികവരുമാനം.<br>സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിനുള്ള സബ്സിഡി, സ്വയംതൊഴിലിനുള്ള ബാങ്ക് ലോൺ സബ്സിഡി എന്നിവ കോർപ്പറേഷൻ മുഖേന നൽകുന്നുണ്ട്. കൂടാതെ ഗുരുതരമായ വൈകല്യം ബാധിച്ച കുട്ടികൾക്ക് സ്ഥിരം നിക്ഷേപ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.<br>വികലാംഗരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിന് പാറശ്ശാലയിൽ, തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും സംയുക്തമായി ഒരു വൃദ്ധസദനം പ്രവർത്തിപ്പിച്ചുവരുന്നു.<br>സാമൂഹ്യനീതി ഡയറക്ടറേറ്റുവഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും അടുത്ത ഒരു വർഷത്തിനുള്ളിൽ സവിശേഷ തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതാണ്. കേരള സാമൂഹ്യ സുരക്ഷാമിഷൻ മുഖേന അനുയാത്ര എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ജന്മനായുള്ള വൈകല്യങ്ങൾക്കു കാരണമാകുന്ന അവസ്ഥകളെ സംബന്ധിച്ചും വൈകല്യങ്ങൾക്കു കാരണമാകുന്ന ഘടകങ്ങളായ അനീമിയ, ചെറിയപ്രായത്തിലുള്ള വിവാഹങ്ങൾ, താമസിച്ചുണ്ടാകുന്ന ഗർഭധാരണം, രക്തബന്ധത്തിലുള്ള വിവാഹങ്ങൾ തുടങ്ങിയവ സംബന്ധിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. ഗർഭധാരണ സമയം മുതൽ പ്രസവാനന്തരം വരെയുള്ള പരിചരണങ്ങൾ നൽകുമ്പോൾ വൈകല്യ പ്രതിരോധത്തിന് ഊന്നൽ നൽകുന്ന സമീപനം സ്വീകരിക്കാൻ വേണ്ട നടപടികളും നടപ്പാക്കും. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ, ആശാവർക്കർമാർ, അംഗൻവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ |

| | | | |
|---|---|---|---|
| | | | സഹകരണത്തോടെയാണ് ഈ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. വൈകല്യ പ്രതിരോധങ്ങളുടെ ഭാഗമായി എം.എം.ആർ, റൂബെല്ലാ രോഗങ്ങൾ പ്രതിരോധിക്കുന്നതിനുള്ള വാക്സിനുകൾ സൗജന്യമായി ലഭ്യമാക്കുന്നുണ്ട്.<br>വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പൂർത്തീകരിക്കുന്നതാണ്. ഇതിനാവ-ശ്യമായ സ്ഥലം ആരോഗ്യവകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.<br>പൂർണ്ണമായ സൗകര്യങ്ങളോടുകൂടിയ സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിൽ വരുന്നതുവരെ അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതാണ്.<br>അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമായതിനാൽ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. കൂടാതെ പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലകളിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകളും പ്രീ സ്കൂൾ തലത്തിൽതന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തുന്നതിന് സ്പെഷ്യൽ അംഗൻവാടികളും ആരംഭിക്കുന്നതാണ്. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും തെറാപ്പികളും നൽകുന്നതിന് ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതാണ്.<br>ഒരു കുഞ്ഞു ജനിച്ചയുടൻതന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ ഡെലിവറി പോയിന്റുകളിലും സ്ഥാപിക്കും.<br>മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക വേണ്ടി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും ആരംഭിക്കുന്നതാണ്. അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും അവരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള പരാതി പരിഹാര സംവിധാനമായി പ്രവർത്തിക്കുന്നതിനും വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ഒരു ഹെൽപ് ഡെസ്ക് സ്ഥാപിക്കുന്നതാണ്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടി | (ബി) | ഉണ്ട്. ആശ്വാസകിരണം പദ്ധതിയ്ക്കായി സർക്കാർ നൽകുന്ന ബഡ്ജറ്റ് |

| | | | |
|---|---|---|---|
| | പിന്തുണയോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച ആശ്വാസ കിരണം പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ എന്ന് അറിയിക്കുമോ? | | വിഹിതത്തിനു പുറമേ വേണ്ടി വരുന്ന തുക കണ്ടെത്തുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വിഹിതത്തിൽ നിന്നുകൂടിയാണ്. 2016-17 സാമ്പത്തികവർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 22 കോടി രൂപ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള റീഡേഴ്സ് അലവൻസ്

വാർഷിക വരുമാനം 1 ലക്ഷം രൂപ വരെയുള്ള കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്ക് വായനാ സഹായിയ്ക്കായി പ്രതിമാസം 4000/- രൂപ നിരക്കിൽ 8 വർഷം ധനസഹായ തുക അനുവദിച്ചു വരുന്നു. നിശ്ചിത ഫാറത്തിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, fulltime reader assistant ഉണ്ടെന്നും പ്രാക്ടീസ് ചെയ്യുന്നുണ്ടെന്നുമുള്ള കോടതിയിലെ പ്രിസൈഡിംഗ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, യോഗ്യത തെളിയിക്കുന്ന ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സമർപ്പിക്കേണ്ടതാണ്.

## അംഗപരിമിത വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

ഒന്നാം ക്ലാസ്സു മുതൽ professional/PG കോഴ്സുകൾക്കു പഠിക്കുന്ന വികലാംഗരായ വിദ്യാർത്ഥികൾക്ക് താഴെ സൂചിപ്പിക്കുന്ന നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നു. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റ് (പരിധി 36,000/-), മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നീ രേഖകളോടൊപ്പം അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.

| ക്രമ നം. | ശ്രേണി | ദിവസ വിദ്യാർത്ഥികൾക്ക് | ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് | റീഡേഴ്സ് അലവൻസ് (അന്ധ വിദ്യാർത്ഥികൾക്ക്) |
|---|---|---|---|---|
| 1 | 1 മുതൽ 4 വരെ | 300 | - | 200 |
| 2 | 5 മുതൽ 10 വരെ | 500 | - | 200 |
| 3 | +1, +2, IT തത്തുല്യമായ കോഴ്സുകൾ | 750 | 1000 | 300 |
| 4 | ഡിഗ്രി, പോളിടെക്കനിക്ക, തത്തുല്യമായ ട്രെയിനിംഗ് കോഴ്സുകൾ (Implant Training) | 1000 | 1500 | 400 |
| 5 | പ്രൊഫഷണൽ കോഴ്സുകൾ, PG കോഴ്സുകൾ | 1000 | 1500 | 400 |

**കാഴ്ച വൈകല്യമുള്ള അമ്മമാർക്കുള്ള ധനസഹായം**

കാഴ്ച വൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി പ്രതിമാസം 2000/- രൂപ ക്രമത്തിൽ പരമാവധി 2 വർഷം ധനസഹായം അനുവദിക്കുന്നു. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് (പരിധി 1 ലക്ഷം), ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത സർട്ടിഫിക്കറ്റ്, വൈകല്യം തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ സാമൂഹ്യനീതി ഓഫീസർവഴിയാണ് ധനസഹായം വിതരണം ചെയ്യുന്നത്.

**വികലാംഗ ദുരിതാശ്വാസനിധി ചികിത്സാ ധനസഹായം**

ദാരിദ്ര രേഖയ്ക്ക് താഴെയുള്ള വികലാംഗർക്ക് ചികിത്സയ്ക്കായി പരമാവധി 5,000/- രൂപ വരെ അനുവദിക്കുന്നു. കോർപ്പസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള 2,55,59,000/- രൂപയിൽ നിന്നും ലഭിക്കുന്ന പലിശ ഉപയോഗിച്ചാണ് ധനസഹായം അനുവദിച്ചു വരുന്നത്. ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**വികലാംഗരായ മാതാപിതാക്കളുടെ പെൺമക്കൾക്ക്/ വികലാംഗരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം**

പതിനായിരം രൂപ അനുവദിക്കുന്നു. തുക വർദ്ധിപ്പിക്കുന്നതിനായി സർക്കാരിന് കത്തു നൽകിയിട്ടുണ്ട്. ലഭ്യമാകുന്ന അപേക്ഷകളിന്മേൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ അന്വേഷണം നടത്തി ശുപാർശ ചെയ്യുന്നു.

1. തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന ദിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രങ്ങളിലെ ദാരിദ്രരേഖയ്ക്ക് താഴെയുള്ള പഠിതാക്കൾക്ക് മാസം 300/- രൂപാ വീതം സ്റ്റൈപന്റ് അനുവദിക്കുന്നു.
2. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠിക്കാൻ കഴിയാത്തവരും വികലാംഗരുമായ/ ഭിന്നശേഷിക്കാരായ, ഡിഗ്രിയോ അതിനു മുകളിലോ പഠിക്കുന്ന (പ്രൈവറ്റായി രജിസ്റ്റർ ചെയ്ത്- ഓപ്പൺ സ്കൂൾ/ കോളേജ്) വിദ്യാർത്ഥികൾക്ക് ഒരു അധ്യയന വർഷത്തേയ്ക്ക് പരമാവധി 10,000/- രൂപ അനുവദിക്കുന്നതിന് നടപ്പു വർഷം സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്.

**CDMRP - Community Disability Management and Rehabilitation Programme**

സാമൂഹ്യനീതി വകുപ്പിന്റെ ധനസഹായത്തോടെ കാലിക്കറ്റ് യൂണിവേഴ്സിറ്റി സൈക്കോളജി വിഭാഗം ടി പദ്ധതി നടപ്പിലാക്കിവരുന്നു. മലപ്പുറം, കോഴിക്കോട്

കുടുംബാംഗങ്ങൾക്കുമുള്ള ക്ലിനിക്കൽ സർവ്വീസ്, കേരളത്തിലെ BRC, RMSA resource അദ്ധ്യാപകർ, സ്കൂൾ അദ്ധ്യാപകർ, അങ്കണവാടി വർക്കർമാർ, ആശാ worker, ആരോഗ്യ മേഖലയിലെ മറ്റ് പ്രവർത്തകർ എന്നിവർക്കുള്ള പരിശീലന പരിപാടികൾ, അംഗപരിമിതരുടെ ശാക്തീകരണം എന്നിവ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു.

ടി പദ്ധതിയ്ക്കായി ആകെ 77,46,000/- രൂപ സർക്കാർ അനുവദിച്ചു.

## Alzhiemer's Related Disorder Society of India (ARDSI)

മറവിരോഗം ബാധിച്ചവരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പും ARDSI എന്ന NGOയും ചേർന്ന് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. നിലവിൽ ഇടവനക്കാട് വൃദ്ധസദനത്തിൽ full time Dementia Day Care Centre-ഉം, ഗുരുവായൂർ കോട്ടപ്പടിയിൽ Dementia Day Care Centre-ഉം പ്രവർത്തിച്ചുവരുന്നു. മറവിരോഗത്തെക്കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കുന്നതിനും ഇത്തരം രോഗബാധിതർക്ക് സമൂഹത്തിൽ സംരക്ഷണവും, സുരക്ഷയും ലഭ്യമാക്കുന്നതിനുമായി എല്ലാ വർഷവും അൽഷിമേഴ്സ് ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

## Epilepsy Care through Schools

Epilepsy ബാധിച്ച സ്കൂൾ കുട്ടികൾക്ക് Epilepsy Care, വിദഗ്ദ്ധ പരിചരണം, ബോധവൽക്കരണം എന്നിവ നൽകുന്നതിനായുള്ള പദ്ധതിയാണ് Growing beyond barriers, epilepsy care through schools എന്ന പദ്ധതി തിരുവനന്തപുരം ജില്ലയിലുള്ള സ്കൂളുകളിലാണ് ടി പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത്. പ്രസ്തുത പ്രോജക്ട് ശ്രീ. ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിലെ RMN Centre for Epilepsy Care ആണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയ്ക്കായി കഴിഞ്ഞ വർഷം 30,90,000/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

## Pallium India

നട്ടെല്ലിന് ക്ഷതം ബാധിച്ചവർക്ക് ശരിയായ പരിചരണം നൽകുന്നതിനും രോഗികൾക്കും അവരുടെ കുടുംബത്തിനും കൗൺസിലിംഗ് സേവനം നൽകുന്നതിനുമായി പാലിയം ഇൻഡ്യ എന്ന സംഘടനയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്.

## State Nodal Agency Centre (SNAC)

നാഷണൽ ട്രസ്റ്റ് ആക്ടിന്റെ പരിധിയിൽ വരുന്ന വൈകല്യം ബാധിച്ചവർക്ക് നിയമപരമായ പരിരക്ഷ നൽകുന്നതോടൊപ്പം അവരുടെ സ്വത്തിനും പരിരക്ഷ നൽകുന്നു. ഇത്തരം വൈകല്യം ബാധിച്ചവർക്ക് രക്ഷകർത്താവിനെ നിയമിച്ചു നൽകുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് State Nodal Agency Centre

PL

പ്രവർത്തിച്ചുവരുന്നു. 14 ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായി ലോക്കൽ ലെവൽ കമ്മറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാതലത്തിൽ LLCകൾ വഴി legal guardianship certificate നൽകുന്നു.

## ശ്രദ്ധ ചാരിറ്റബിൾ സൊസൈറ്റി (NGO)

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കമ്പ്യൂട്ടർ ട്രെയിനിംഗ് നൽകുന്നതിന് നടപ്പു വർഷം 16,06,400/- രൂപ അനുവദിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്.

## ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് (NGO)

കാഴ്ച വൈകല്യമുള്ളവർക്ക് കമ്പ്യൂട്ടർ പരിശീലനം വകുപ്പിന്റെ സാമ്പത്തിക സഹായത്താൽ നൽകി വരുന്നു.

## INSIGHT PROJECT

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ പരിശീലനം നൽകുന്നതിനായി SPACE എന്ന NGO മുഖേന INSIGHT എന്ന പ്രോജക്ട് നടപ്പിലാക്കി വരുന്നു.

## DISTRICT PSYCHIATRIC REHABILITATION PROJECT

സാമൂഹ്യനീതി വകുപ്പിനു കീഴിൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകിവരുന്ന ചികിത്സ മെച്ചപ്പെടുത്തി ഇവരെ സാമൂഹികാടിസ്ഥാനത്തിൽ പുനരധിവസിപ്പിക്കുന്നതിനായി കോഴിക്കോട് IMHANS District Psychiatric Rehabilitation Project എന്ന പദ്ധതി നടപ്പിലാക്കുന്നു.

മാനസിക രോഗമുക്തരായതും സംരക്ഷിക്കാൻ ആരുമില്ലാത്തതുമായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനായി തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലയിലും ഇത്തരത്തിൽ പുരുഷന്മാരെ സംരക്ഷിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലുമായി 6 ആശാഭവനുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ബുദ്ധി വൈകല്യമുള്ള പ്രായപൂർത്തിയായ സ്ത്രീകളെ സംരക്ഷിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ പ്രത്യാശഭവൻ എന്ന സ്ഥാപനവും ഇത്തരത്തിൽ പുരുഷന്മാരെ സംരക്ഷിക്കുന്നതിനായി മലപ്പുറം ജില്ലയിൽ പ്രതീക്ഷാഭവൻ എന്ന സ്ഥാപനവും പ്രവർത്തിച്ചു വരുന്നു. ബുദ്ധിമാന്ദ്യമുള്ള 4 നും 16 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി സംരക്ഷിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ Home for mentally Deficient Children (HMDC) എന്ന സ്ഥാപനവും പ്രവർത്തിക്കുന്നു. ഭിന്നശേഷിയുള്ള സ്ത്രീകളെ സംരക്ഷിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം ജില്ലകളിലും പുരുഷന്മാരെ സംരക്ഷിക്കുന്നതിനായി കോഴിക്കോട് ജില്ലയിലും വികലാംഗ സദനങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഭിന്നശേഷിയുള്ള കുട്ടികളെ

സംരക്ഷിക്കുന്നതിനും ഇവർക്ക് വിദ്യാഭ്യാസം, വൈദ്യസഹായം എന്നിവയുൾപ്പെടെ നൽകി സംരക്ഷിക്കുന്നതിനായി ആലപ്പുഴ, കണ്ണൂർ ജില്ലകളിലായി ബാലവികലാംഗ സദനങ്ങൾ പ്രവർത്തിക്കുന്നു.

മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവർക്ക് പിന്തുണയും പുനരധിവാസവും നൽകുന്നതിനായി തിരുവനന്തപുരം ജില്ലയിലെ വെഞ്ഞാറമൂട്. പ്രവർത്തിച്ചുവരുന്ന AASRAYA എന്ന NGO മുഖേന മാനസിക വെല്ലുവിളി നേരിടുന്നവർക്ക് തൊഴിൽ പരിശീലനം നൽകി വരുന്നു. കൂടാതെ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന ആശാഭവനുകളിലെ അന്തേവാസികളുടെ മാനസിക-ശാരീരികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി യോഗ പരിശീലനവും നൽകി വരുന്നു.

സെക്ഷൻ ഓഫീസർ